
# ST,THOMAS HSS THOMAPURAM




LITTLE KITES 2022-2025

Digital Magazine



# ഉള്ളടക്കം


03 ALONE AT THE BEACH
04 അമ്മ
05 സത്യമേത് ?
07 എൻറെ ബാല്യം
08 സായംസന്ധ്യ
10 ഇന്നത്തെ വിദ്യാർത്ഥി സമൂഹവും ലഹരിയും
11 ചെന്താമരപ്പൂവ്
12 നന്ദിയോടെ.....


## മുഖമൊഴി

പ്രിയപ്പെട്ടവരെ,

എൽ കെ 2022 -25 ബാച്ചിന്റെ ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ കൈകളിലേക്ക് എത്തുകയാണ്. എൻറെ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ ഉൾക്കൊള്ളിച്ചുകൊണ്ട് മനോഹരമായ രീതിയിൽ ഇത് നിങ്ങളുടെ മുൻപിൽ എത്തിക്കാൻ ശ്രമിച്ചു. എല്ലാവരുടെയും സഹകരണംപ്രതീക്ഷിക്കുന്നു.

എഡിറ്റർ ഡാനി


Editorial members

Dani Jose

Sharon

Anna Rose

Annmariya

Jiya

Ansa i


Cover Page: Vineesha



# ആശംസ

പ്രിയപ്പെട്ടവരെ,
എൻറെ പ്രിയപ്പെട്ട
കുട്ടികൾ തയ്യാറാക്കിയ
e-താൾ എന്ന ഡിജിറ്റൽ
മാഗസിന് എൻറെ
എല്ലാവിധ ആശംസകളും
നേരുന്നു.

എന്ന് സ്നേഹപൂർവ്വം
ഹെഡ് മിസ്ട്രസ് സി. ലിനറ്റ്


ALONE AT THE BEACH
Walking through the coast
Watching the ghost
I feel so alone
This feeling, unknown
The breezes , so cold
Those all unfold
I hear the loud screams
Again in my dreams
I am so lonely
I just wanna flee
I look into sea
And dive to free
As I sunk down Deep
I feel it all creep
But I am not sad
I just feel glad
IRYN THOMSON
X B

# അമ്മ

അക്ഷരക്കൂട്ടു ചേർത്താദ്യമുരുവിട്ട
മഹത്വമാം വാക്കല്ലോ  അമ്മ
കുഞ്ഞായിരിക്ക യാ നെഞ്ചോടു ചേർത്താദ്യം
താരാട്ടിനീ ണങ്ങൾ മൂളിയതമ്മ.
പിച്ചവച്ചീടുമ്പോൾ കാലിടറി വീഴാതെ
പിഞ്ചുകരം പിടിച്ചു നടത്തിയതമ്മ.
ജീവിതയാത്രയിൽ അറിവായ് വെളിച്ചമായ്
മക്കളിലെന്നും നിറയുന്നതമ്മ.
നന്മതൻ പാഠങ്ങൾ പകർന്നുതന്നീടുന്ന
ഗുരുനാഥയാണല്ലോ അമ്മ.
പാദങ്ങളിടറാതെ നേരായ വഴിയേ
നയിക്കുന്ന വഴി വിളക്കാണമ്മ.
ദുഃഖത്തിൻ കനലിൽ എരിയുന്നനേരം
സ്വാന്തനമാകുന്നതെന്നമ്മ.
എന്നേക്കാളേറെ ക്ക രുതലോടെ
എൻ നന്മയ്ക്കായ് പ്രാർത്ഥിക്കുമെൻമ്മ.
ഉള്ളിന്റെയുള്ളിലൊരു തിരിനാളമായ്
തെളിയുന്നൊ രോർമ്മയാണമ്മ.
എവിടെയാണെങ്കിലും നേർവഴിയേനയിച്ചിടാൻ
അമ്മയ്ക്കു തുല്യമായ് അമ്മ മാത്രം

ഫേബ ട്രീസ തോമസ്

# സത്യമേത് ?

ലൈബ്രറിയിലെ ബുക്കുകൾ മുഴുവൻ മോഷണം പോയി '. മുഴുവനുമോ! ആരായിരിക്കും ഇത് ചെയ്തത്? വടക്കേ വീട്ടിൽ സുകുമാരി അമ്മയുടെ ഓർമയിൽ മകൻ നിർമിച്ച ലൈബ്രറി ആയിരുന്നു അത്.സുകുമാരി അമ്മ പത്തു കൊല്ലം മുൻപ് മരിച്ചു. മകനായ അരവിന്ദന് നാൽപത്തി മൂന്നു വയസ്സുള്ളപ്പോൾ. അപ്പോൾ അവനു നളന്ദ എന്ന പതിനഞ്ചു വയസ്സുള്ള കുട്ടി ഉണ്ടായിരുന്നു.

സുകുമാരി അമ്മയുടേത് വെറുംമരണമല്ലായിരുന്നു, ആത്മഹത്യ ആയിരുന്നു. സുകുമാരി അമ്മയുടെ മരണത്തോടെ ആ സന്തുഷ്ട കുടുംബം നശിച്ചു. അരവിന്ദന്റെ ഭാര്യ ഒരു കൊല്ലം കഴിഞ്ഞ് ഒരു വാഹന അപകടത്തിൽ മരിച്ചു.അരവിന്ദനെ അതിൽ പിന്നെ ആരും കണ്ടിട്ടില്ല. മകൾ നളന്ദ അമ്മായിയുടെ സംരക്ഷണത്തിൽ പിന്നീട് ജീവിച്ചു.

ആ ലൈബ്രറി ആരും അധികം ശ്രദ്ധിച്ചിരുന്നില്ല. ഇന്നത്തെ കാലത്തെ ലൈബ്രറികൾ മിക്കതും ഇങ്ങനെയാണ്. എന്ത് പറയാൻ? ഇനി വീട്ടിലേക്ക് തിരിക്കാം. ഇന്ന് നന്ദനയുടെ പിറന്നാളാണ് അതായത് എന്റെ ഭാര്യയുടെ. രാവിലെ ചെറിയ സദ്യ കാണും. കേമമായിരിക്കുന്നു പായസം എന്ന് അമ്മയുടെ നാവിൽ നിന്നും വന്ന വാക്കുകൾ അവൾ ഒരു ചെറു പുഞ്ചിരിയോടെ സ്വീകരിച്ചു. എന്തോ അവൾ വലിയ ക്ഷീണിതയാണ്. പതിവില്ലാതെ ലൈബ്രറിയിൽ നടന്ന മോക്ഷണത്തിന്റെ കാര്യം ഞാൻ പറഞ്ഞത് അവൾ കേൾക്കാൻ കൂട്ടാക്കിയതേ ഇല്ല.ഇന്ന് ആകെ ഒരു രസമില്ലാത്തതു പോലെ. പറമ്പിൽ നടക്കാൻ പോയപ്പോൾ ആണ് ഒരു കാര്യം ശ്രദ്ധിക്കുന്നത്. പറമ്പിൽ പുതിയതായി ഇളക്കിയിട്ട മണ്ണ്. പക്ഷെ അടിത്തിടെയായി ഇവിടെ ഒരു പണിയും നടന്നില്ലല്ലോ? ഞാൻ പതിയെ മണ്ണ് മാന്തി നോക്കി. മണ്ണിനുള്ളിൽ നിറയെ പുസ്തകങ്ങൾ. ഞാൻ വീട്ടിൽ ചെന്ന് ആദ്യം തന്നെ ഈ കാര്യങ്ങൾ ഭാര്യയോട് അവതരിപ്പിച്ചു. അത് കേട്ട പാടെ അവൾ കരയാൻ തുടങ്ങി. ആരോടും ഒന്നും പറയരുത് എന്ന് യാചിച്ചു. ഞാൻ അവളോട് കരയല്ലേ എന്ന് പറഞ്ഞു. പക്ഷെ രണ്ടു ദിവസത്തേക്ക് അവൾ ഒന്നും ആരോടും മിണ്ടിയില്ല.

ഞാൻ രാവിലെ പത്രത്തിൽ കണ്ട വാർത്ത എന്നെ ഞെട്ടിച്ചു. 'സുകുമാരികൊലപാതകം:നിർണായ ക തെളിവായ ലൈബ്രറിയിലെ

മകന്റെഡയറിഅടങ്ങുന്ന പുസ്തകങ്ങൾ മോഷണംപോയി.എന്താണ് ഇതിന്റെയൊക്കെ അർത്ഥം?? അല്പം കഴിഞ്ഞപ്പോൾ നന്ദന വന്നിട്ടെന്നോട് പറഞ്ഞു 'ഞാനാണ നളന്ദ . ആരോടും ഒന്നും പറയരുത്.'

എന്താണ് ഇവിടെ നടക്കുന്നത്? അതെ നാട്ടു സംസാരം ശരി ആയിരുന്നോ?അരവിന്ദനാണോ ഭാര്യയേം അമ്മയെയും കൊന്നത്? അയാളുടെ സത്യങ്ങൾ അടങ്ങുന്ന ഡയറി ഈ പുസ്തകങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കും.

അച്ഛനെ ജീവന് തുല്യം സ്നേഹിച്ചിരുന്ന മകളായിരുന്നു നളന്ദ. അവൾക്ക് ഈ സത്യം ആരും കണ്ടുപിടിക്കരുത് എന്ന് ഉണ്ടായിരിക്കുമോ? അതോ നമ്മുക്കൊന്നും അറിയാത്ത മറ്റെന്തെങ്കിലും ആയിരിക്കുമോ സത്യം? ഞാൻ ജീവിക്കുന്നത്അസത്യങ്ങളുടെ....ലോകത്താണോ? അപ്പോൾപിന്നെ.............സത്യമേത് ?

അന്നാ റോസ് ബിനു

# എൻെറ ബാല്യം

എന്റെ  ഹൃദയത്തിൽ എവിടെയൊ......
ഒരു അഗ്നിപോലെ ഭയാനകം.....
എന്താണെന്ന് അറിയില്ല ......
എവിടെനിന്നാലും ശൂന്യത......
എന്തുപറയാനാണിത്
എന്റെ മനസ്സ്അഗ്നിപോലെ പടരുന്നു.....
കത്തുന്നതി എവിടെയും ......
ആരും ഇല്ല ഒന്ന് മിണ്ടുവാൻ.....
എവിടെയാണ് ഈ പ്രകൃതി.....

എന്തിനാണ് കരയുന്നത്.....
ഈ അഗ്നിമേഘങ്ങൾ......
വെള്ളത്തിൻ ജ്വാലയായി അഗ്നി ഒഴുകുന്നു....
എവിടെ നിന്നാലും ശൂന്യത....
കറുത്തിരുണ്ട് നിൽക്കുന്ന മേഘങ്ങൾ......
ഭയാനകം ആണ് ഇവിടെ.......
ഈ അഗ്നിമേഘങ്ങൾ......
വെള്ളത്തിൻ ജ്വാലയായി അഗ്നി ഒഴുകുന്നു....

ആദർശ്

# സായംസന്ധ്യ

സൂര്യൻ അസ്ത്മിക്കുന്നു.
എങ്ങും ഇരുളുകൾ നിറയുന്നു.
കാലത്തിൻ ഓരോരോ മാറ്റങ്ങളാൽ
ഭൂമി മനോഹരമാകുന്നു.
സൂര്യൻ അസ്ത്മിക്കുമ്പോൾ
നറു നിലാവ് കടന്നുവരുന്നു.
രാത്രിയിൽ വിരിയുന്ന പൂക്കളുടെ
സുഗന്ധം എങ്ങും പരക്കുന്നു
ആകാശത്ത് നക്ഷത്രങ്ങൾ  കണ്ണുചിമ്മുന്നു-
കുളത്തിലും, തോട്ടിലും ചന്ദ്രന്റെയും
നക്ഷത്രങ്ങുടെ ചിത്രങ്ങൾ വെള്ളത്തിൽ
പ്രതിധ്വനിക്കുന്നു.

നക്ഷത്രങ്ങൾ നമ്മെ നോക്കി കണ്ണു
ചിമ്മുന്നതും രാത്രിയിലെ ഇളംകാറ്റ്
നമ്മെ വന്ന് തഴുകുന്നത് എല്ലാം
വളരെ മനോഹരമാണ്.

വെളിച്ചത്തെ പതിയെ തള്ളി മാറ്റി
ഇരുൾ കടന്നുവരുന്നു.
രാത്രിയിൽ ചീവീടുകളുടെയും
മറ്റു പ്രാണികളുടെയും ശബ്ദം
കേൾക്കാം..
രാത്രിയെന്നത് വളരെ ഭീകരമാണ്
എന്നാൽ വളരെ മനോഹരവും.

സാന്ദ്ര തെരേസ  വിനോദ്

# ?CONGRATULATIONS



ചിറ്റാരിക്കാൽ സബ് ജില്ലാ സ്കൂൾ ഐ ടി മേളയിൽ ഓവറോൾ
കിരീടം നേടിയ സെൻ്റ തോമസ് ഹയർസെക്കണ്ടറി സ്കൂൾ ടീം



# ഇന്നത്തെ വിദ്യാർത്ഥി സമൂഹവും ലഹരിയും

ലഹരി ഒരു മാരക വിപത്താണ്.നാം ആദ്യം ശീലങ്ങൾ ഉണ്ടാക്കുന്നു പിന്നീട് ശീലങ്ങൾ നമ്മെ രൂപപ്പെടുത്തുന്നു. വിഖ്യാതമായ ഈ വാക്കുകൾ ചട്ടമ്പിസ്വാമികളുടെതാണ്. നല്ല ശീലങ്ങൾ നമ്മിൽ നല്ല വ്യക്തിത്വം രൂപപ്പെടുത്തുമ്പോൾ ദുശീലങ്ങൾ നമ്മളിലെ നന്മയെ കാർന്നു തിന്നുകയാണ്.

ഇന്ന് വിദ്യാർത്ഥി ലോകത്തെ ഗ്രസിച്ചിരിക്കുന്ന ഒരു മാരകമായ ദുശ്ശീലമാണ് ലഹരി. പുകവലി മദ്യപാനം മയക്കുമരുന്നിന്റെ ഉപയോഗം ഇവയെല്ലാം വിദ്യാർത്ഥികളിൽ പകർച്ചവ്യാധി പോലെ പടരുകയാണ്.

മലവെള്ളപ്പാച്ചിലിൽ ഒഴുകിവന്ന കമ്പിളി കെട്ടിനെ കേറി പിടിച്ച മനുഷ്യന്റെ കഥ നമുക്കറിയാം. കയറിപ്പിടിച്ചത് കമ്പിളിക്കെട്ടല്ല കരടി ആയിരുന്നു എന്ന് തിരിച്ചറിയുന്നതിന് മുൻപ് കരടിയുടെ പിടിയിൽ അമർന്ന് അവന്റെ കഥ കഴിഞ്ഞു.

ഒരു മലവെള്ളപ്പാച്ചിലിന്റെ രൗദ്ര താളത്തോടെ ആധുനിക സംസ്കാരം കൗമാര മനസ്സിൽ കുലംകുത്തി ഒഴുകിവരുകയാണ്. പാരമ്പര്യങ്ങളും വിശ്വാസങ്ങളും മനസ്സിൽ പതിപ്പിച്ച സനാതന മൂല്യങ്ങളും എല്ലാം ഇവിടെ തകർന്നു വീഴുകയാണ്.

ലഹരിയുടെ ഈ കരാളഹസ്തത്തിനും എതിരെ പ്രതികരിക്കേണ്ട ഭരണകൂടവും നിശബ്ദരായിരിക്കുന്നത് നമുക്ക് ഒരു വെല്ലുവിളിയാണ്.

ജാഗ്രതയോടെ ജീവിക്കുക എന്നത് മാത്രമാണ് ഇതിനൊരു ഉത്തരം. വഴിവക്കിൽ ബസ്സ്റ്റോപ്പിലും കഴുകൻ കണ്ണുകളുമായി കാത്തിരിക്കുന്ന അപരിചിതരായ മനുഷ്യരുടെ മധുരപലഹാരങ്ങൾക്കും കപട സ്നേഹത്തിനും തികഞ്ഞ അഭിജ്ഞതയുടെ മറുപടി നൽകുവാൻ വിദ്യാർത്ഥി സമൂഹം പഠിക്കണം.

സ്വയം നന്നാവുക എന്നത് മാത്രമാണ് നമ്മുടെ മുൻപിലുള്ള വഴി. ജീവിതത്തിൽ ഒരിക്കലും ലഹരി ഉപയോഗിക്കില്ല എന്ന് സ്വന്തമായി തീരുമാനമെടുക്കണം

DIYA ELIZABATH

# ചെന്താമരപ്പൂവ്

ആഹാ ! നല്ലൊരു
പൂമ്പൊയ്ക
അഴകേറുന്നൊരു
പൂമ്പൊയ്ക
പൊയ്കക്കുള്ളിൽ ചിരിച്ചു
നില്ക്കും
ചന്തമെഴുന്നൊരു
പൂവേത്?
താമരയാണതു കണ്ടോളൂ
കണ്ണുകളിർക്കെ കണ്ടോളൂ
ചുവന്നപട്ടും പുതച്ചു
നിൽക്കും
ചെന്താമരയെ കണ്ടോളൂ.

Alphonsa John
8

# നന്ദിയോടെ.............

പ്രിയപ്പെട്ടവരെ ,

ഇങ്ങനെ ഒരു ഡിജ്ജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് ഞങ്ങൾക്ക് എല്ലാവിധ പിന്തുണയും തന്ന ഹെഡ്മിസ്ട്രസ് ,കൈറ്റ് മിസ്ട്രസുമാർ ,സൃഷ്ടികൾ തന്ന് സഹകരിച്ച പ്രിയപ്പെട്ട ക്രൂട്ടുകാർ അതുപോലെ ഇതിൻറെ പിന്നിൽ പ്രവർത്തിച്ച എല്ലാ എല്ലാ ലിറ്റിൽകൈറ്റ്സ് അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.............

